# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6783 — 13.07.2012-ൽ മറുപടിക്ക്

## സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ് :<br>,, എം.എ.വാഹീദ് :<br>,, പി.എ.മാധവൻ :<br>,, ലൂഡി ലൂയിസ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതുതായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്ത് 2012-13 സാമ്പത്തികവർഷത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ പുതുതായി തുടങ്ങാനും നിലവിലുള്ളതിനെ വിപുലീകരിക്കാനുമായി 96 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ പൊന്നാനി, കോട്ടയം ജില്ലയിലെ വൈക്കം, തൃശ്ശൂർ ജില്ലയിൽ ജില്ലാ ആശുപത്രിയോട് ചേർന്നും, വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരിയിലും പുതിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ തുടങ്ങാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) എവിടെയൊക്കെയാണ് പുതുതായി ആശുപത്രികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) മലപ്പുറം ജില്ലയിലെ പൊന്നാനി, കോട്ടയം ജില്ലയിലെ വൈക്കം, തൃശ്ശൂർ ജില്ലയിൽ ജില്ലാ ആശുപത്രിയോട് ചേർന്നും, വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരിയിലും പുതിയ ആശുപത്രികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (സി) ഇവയുടെ നിർമ്മാണത്തിനുള്ള വിശദമായ പ്രൊപ്പോസലും ആവശ്യമായ ജീവനക്കാരുടെ നിയമനത്തിനുള്ള പ്രൊപ്പോസലും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ